**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1669** **08-02-2023 - ൽ മറുപടിയ്ക്ക്**

**കാർഷിക അനുബന്ധ മേഖലകളിലെ വളർച്ച നിരക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർഷിക അനുബന്ധ മേഖലകളിലെ വളർച്ച നിരക്ക് എത്ര ശതമാനമാണെന്ന് വെളിപ്പെടുത്താമോ; | (എ) | സാമ്പത്തിക സ്ഥിതി വിവരക്കണക്കു വകുപ്പ് പ്രസിദ്ധീകരിച്ച 2021-22 ലെ Quick estimate അനുസരിച്ച് 2021-22ൽ2020-21നെ അപേക്ഷിച്ച് സംസ്ഥാനത്തെ കാർഷിക അനുബന്ധ മേഖലകളുടെ സ്ഥിര വിലയിലെ (at constant price)വളർച്ചാ നിരക്ക്4.64 %ഉം നിലവിലെ വിലയിലെ (at current price)വളർച്ചാ നിരക്ക്6.66%ഉം ആണ് |
| (ബി) | കാർഷിക വിളവുകളുടെ കുറഞ്ഞ ഉത്പാദനക്ഷമത വിലയിരുത്തിയിട്ടുണ്ടോ; വിപണനം, സംഭരണം തുടങ്ങിയ മേഖലകളിൽ ശാസ്ത്രീയമായ സംവിധാനങ്ങൾ പ്രാവർത്തികമാക്കുന്നതിന് കാര്യക്ഷമമായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) | സാമ്പത്തിക സ്ഥിതി വിവരക്കണക്കു വകുപ്പ് പ്രസിദ്ധീകരിച്ച അഗ്രികൾച്ചർ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് പ്രകാരം 2016-17 മുതൽ 2020-21 വരെയുള്ള ഉല്പാദനക്ഷമത പരിശോധിച്ചതിൽ കാര്യമായ കുറവ് രേഖപ്പെടുത്തിയതായി കാണുന്നില്ല.<br><br>ഉത്സവ കാലങ്ങളാണ് കേരളത്തിൽ ഗണ്യമായ തോതിൽ പച്ചക്കറി ഉല്പാദിപ്പിക്കുന്ന സമയം. ഇക്കാലയളവിൽ വിവിധ പച്ചക്കറി ഇനങ്ങളിൽ അധിക ഉത്പാദനം ഉണ്ടെങ്കിലും വിപണികളിൽ വിലക്കയറ്റം ദൃശ്യമാകാറുണ്ട്. ആയതിനാൽ കർഷകർക്കും ഉപഭോക്താക്കൾക്കും ന്യായവില ഉറപ്പാക്കുന്നതിനായി കൃഷി വകുപ്പ് വിപണിയിൽ ഇടപെടൽ പദ്ധതി പ്രകാരം 2016 മുതൽ തുടർച്ചയായി ഓണച്ചന്തകൾ നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതിയോടൊപ്പം കൃഷി വകുപ്പിന്റെ അനുബന്ധ സ്ഥാപനങ്ങളായ ഹോർട്ടികോർപ്പും വി.എഫ്.പി.സി.കെ.യും സഹകരിച്ചു വരുന്നുണ്ട്. കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള നാടൻ പച്ചക്കറി ലഭിക്കുന്നതിനും ഈ പദ്ധതി വളരെ സഹായകരമാണ്. വിപണി ഇടപെടൽ പദ്ധതിപ്രകാരം 2022 ഓണക്കാലത്ത് 2010 ഓണവിപണികൾ സംഘടിപ്പിച്ചു.ഇതിനെല്ലാം ഉപരിയായി, സംസ്ഥാനത്തെ കർഷകർ |

ഉത്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾക്ക് വിളവെടുപ്പ് സമയത്തുണ്ടാകുന്ന വിലയിടിവ് വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി വ്യാപനത്തിന് തടസ്സമാകുന്നത് പരിഹരിക്കുന്നതിനും സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനുമായി കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി അടിസ്ഥാന വില പദ്ധതി, 2020 നവംബർ ഒന്നു മുതൽ നടപ്പിലാക്കി വരുന്നു.മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, ക്യാബേജ്, ക്യാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നീ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുള്ളത്

കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാനവില പ്രഖ്യാപിക്കുകയും അതിൻപ്രകാരം ഉത്പന്നങ്ങൾ നിലവിലെ അടിസ്ഥാന വിലയ്ക്ക്, നോട്ടിഫൈ ചെയ്ത 300 മാർക്കറ്റുകൾ വഴി സംഭരിക്കുന്നു. പദ്ധതിപ്രകാരം പഴം പച്ചക്കറികൾ സംഭരിക്കുമ്പോൾ ഉണ്ടാകുന്ന അടിസ്ഥാന വിലയിൽ നിന്നുള്ള വ്യത്യാസം കർഷകന്റെ അക്കൗണ്ടിലേക്ക് DBT യായി നൽകുന്നു. 2020-21 വർഷത്തിൽ വിവിധ ജില്ലകളിൽ 2712 കർഷകർക്ക് 3.021 കോടി രൂപയും 2021-22 വർഷത്തിൽ 9763 കർഷകർക്ക് 7.938 കോടി രൂപയും, 2022-23 വർഷത്തിൽ നാളിതുവരെ 2196 കർഷകർക്ക് 1.4515 കോടി രൂപയും കേരളം ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാനവില പദ്ധതി പ്രകാരം വിതരണം ചെയ്തു.കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ വിപണികൾ പ്രവർത്തിക്കുന്നതിനാൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഉല്പന്നങ്ങൾ ലഭ്യമാക്കാനും വഴി ഒരുക്കുന്നു. കൃഷി വകുപ്പ്, വിവിധ പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുള്ള എക്കോ ഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, ആഴ്ച ചന്തകൾ, നഗര വഴിയോര ആഴ്ച ചന്തകൾ തുടങ്ങിയവ വഴി അതാതു ഗ്രാമപഞ്ചായത്തു, ബ്ലോക്കു പ്രദേശങ്ങളിൽ കർഷകർ

ഉത്പാദിപ്പിക്കുന്ന പഴം പച്ചക്കറികൾ കർഷകർക്ക് നേരിട്ട് ഉണഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലുള്ള 6 (ആറ്) കാർഷിക മൊത്ത വ്യാപാര വിപണികളിലും കർഷകർക്ക് നേരിട്ട് അവരുടെ പച്ചക്കറികൾ എത്തിച്ച ലേലത്തിൽ കർഷകരുടെ ഉല്പന്നങ്ങൾ ന്യായവിലയ്ക്ക് വിറ്റഴിക്കുവാനുള്ള സംവിധാനവും കൃഷി വകുപ്പ് ഒരുക്കിയിട്ടുണ്ട്.കാർഷിക ഉത്പന്നങ്ങൾ സംഭരിക്കുന്നതിനും വിറ്റഴിക്കുന്നതിനും ഹോർട്ടികോർപ്പിനു 13 ജില്ലാ സംഭരണ കേന്ദ്രങ്ങളും 6 ഉപസംഭരണ കേന്ദ്രങ്ങളും അവയുടെ കീഴിൽ 110 സ്വന്തം സ്റ്റാളുകളും 181 ലൈസൻസി സ്റ്റാളുകളും ഉണ്ട്. കൂടാതെ സംസ്ഥാനത്തു ഉല്പാദിപ്പിക്കുന്ന ജൈവ പച്ചക്കറി ഉത്പന്നങ്ങൾ 'സേഫ് ടു ഈറ്റ്' എന്ന ലേബലിൽ ഹോർട്ടികോർപ്പിന്റെ പ്രധാന ഔട്ട്ലെറ്റുകൾ മുഖേന വിപണനം നടത്തി വരുന്നു. തിരുവനന്തപുരം ജില്ലയിലെ ഹോർട്ടികോർപ്പിനു കീഴിലുള്ള പാളയം സസ്യ സൂപ്പർ മാർക്കറ്റിൽ ജൈവ പച്ചക്കറികൾ മാത്രം വിപണനം ചെയ്യുന്നതിനായി 'ഹെൽത്തി ഫാം ഹെൽത്തി പ്ലേറ്റ് ' എന്ന പദ്ധതി പ്രകാരം ഒരു ഓർഗാനിക് കൗണ്ടറും, കോഴിക്കോട് ജില്ലയിലെ വേങ്ങേരി മാർക്കറ്റിൽ ഒരു പ്രീമിയം ഔട്ട്ലെറ്റും തൃശ്ശൂർ ജില്ലയിലെ മൈയിലിപാടത്തും നാടൻ പച്ചക്കറികളുടെ ഒരു പ്രീമിയം ഔട്ട്ലെറ്റും പ്രവർത്തിക്കുന്നുണ്ട്. ആലപ്പുഴ ജില്ലയിൽ ഒരു ഹൈടെക് ഓർഗാനിക് സൂപ്പർ മാർക്കറ്റും ആരംഭിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു

സംസ്ഥാനത്തെ ആറ് കാർഷിക മൊത്ത വ്യാപാര വിപണികൾ ശക്തിപ്പെടുത്തി കർഷകർക്ക് കൂടുതൽസൗകര്യപ്രദം ആക്കുന്നതിലേക്കായി, കർഷകർക്കുള്ള ട്രാൻസ്പോർട്ടേഷൻ സബ്സിഡി ഉൾപ്പെടെ, 180 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്ത് / ബ്ലോക്ക് / ജില്ലാ തലങ്ങളിൽ കർഷകർ നേരിട്ട് നടത്തുന്ന വിപണന കേന്ദ്രങ്ങളായ ഗ്രേഡഡ് ആഴ്ച ചന്തകൾക്ക് 25 ലക്ഷം രൂപയും, ഇക്കോഷോപ്പുകൾ നടത്തുന്നതിനായി 150 ലക്ഷം രൂപയും, ഗ്രാമ ചന്തകളുടെ ശാക്തീകരണത്തിന് 33 ലക്ഷം രൂപയും, നഗര വഴിയോര ആഴ്ചചന്തകൾക്ക് 10 ലക്ഷം രൂപയും, ഇടുക്കി ജില്ലയിലെ ശീതകാല പച്ചക്കറികളുടെ സംഭരണ വിപണനത്തിനായി നടപ്പിലാക്കുന്ന കോൾഡ് ചെയിൻ പദ്ധതിക്കായി 185 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ

കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കാനും ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് പഴം പച്ചക്കറികൾ ലഭ്യമാക്കുന്നതിനും വിലനിലവാരം സ്ഥിരപ്പെടുത്തുവാൻ വിപണിയിൽ ഇടപെടുന്നതിനായി 2614.95 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം 289 സ്വാശ്രയകർഷക സമിതികളാണ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന് കീഴിൽ പ്രവർത്തിച്ചു വരുന്നത്. ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും കർഷകരെ രക്ഷിക്കുന്നതിനും ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും ഇവ സഹായിക്കുന്നു. പ്രതിവർഷം 1 ലക്ഷം മെട്രിക് ടൺപഴം പച്ചക്കറികളുടെ വിപണനം നടത്തി വരുന്നു.

റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി പഴം പച്ചക്കറി വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിനും ബ്രാൻഡ് ചെയ്ത് പഴം പച്ചക്കറികൾ വിപണിയിലെത്തിക്കുന്ന തിനുമുള്ള പദ്ധതി കൗൺസിൽ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി കാക്കനാട് കേന്ദ്രമാക്കി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് സെന്റർ (VFPMC), 7 ജില്ലകളിൽ പഴം-പച്ചക്കറികളുടെ പ്രാഥമിക സംസ്കരണ കേന്ദ്രങ്ങൾ, വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതികൾ നടത്തുന്ന 63 തളിർ ഔട്ട് ലെറ്റുകൾ എന്നിവ ആരംഭിച്ചു.കർഷകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനു വേണ്ടി FPOകൾ രൂപീകരിക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനും നടപടികൾ തുടങ്ങിക്കഴിഞ്ഞു. RKVY പദ്ധതി പ്രകാരം എസ്.എഫ്.എ.സി. മുഖേന 50 FPO കൾ പുതുതായി രൂപീകരിക്കുവാൻ ലക്ഷ്യമിട്ടതിൽ 41 FPO കളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്. കൂടാതെ 50 FPO കളുടെ നവീകരണത്തിനും നടപടികൾ സ്വീകരിച്ചു വരുന്നു. വി.എഫ്.പി.സി.കെ. മുഖേന 41 FPO കളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്. കർഷകരുടെ ഉത്പന്നങ്ങൾ സംഭരിക്കുന്നതിനും അവ കേടുകൂടാതെ സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും 7 ശീതീകരിച്ച വാഹനങ്ങൾ വാങ്ങുന്നതിന് ഈ വർഷം 35 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

കർഷകരുടെ ഉത്പന്നങ്ങൾ സംഭരിക്കുന്നതിനും അവ പുതുമയോടെയും വൃത്തിയായും സൂക്ഷിച്ച് വിപണനം ചെയ്യുന്നതിനും സൗരോർജത്തിൽ പ്രവർത്തിക്കുന്ന 18 മുച്ചക്ര സൈക്കിളുകൾ വാങ്ങുന്നതിന് ഈ വർഷം 20 ലക്ഷം രൂപ

| | | | |
|---|---|---|---|
| | | | "വിളവെടുപ്പിനു ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും" പദ്ധതിയിൽ നീക്കി വെച്ചിട്ടുണ്ട്. ഈർപ്പവും താപനിലയും ക്രമീകരിച്ച് ഉൽപ്പന്നങ്ങൾ കേട്ടു കൂടാതെയും പൊടി, മറ്റു മാലിന്യങ്ങൾ എന്നിവ മൂലം മലിനപ്പെടാതെയും സൂക്ഷിക്കാൻ ഈ ടൈസൈക്കിൾ കാർട്ടുകൾ സഹായകരമാണ്. 20% സബ്സിഡിയിൽ കൊപ്ര ഡ്രയറുകൾ സ്ഥാപിക്കുന്നതിന് സഹകരണ സംഘങ്ങൾ (PACS) കാർഷിക കർമ്മ സേനകൾ, അഗ്രോ സർവീസ് സെന്ററുകൾ, കർഷക ഗ്രൂപ്പുകൾ എന്നിവയ്ക്ക് 140 ലക്ഷം രൂപയും നീക്കി വെച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ (2022-23) പ്രൊജക്ടധിഷ്ഠിതമായി മൂല്യവർദ്ധിത യൂണിറ്റുകൾ ആരംഭിക്കുന്നതിനു പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കായി (PACS) 200 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.കൂടാതെ ഉൽപ്പന്നങ്ങൾക്ക് വിലയിടിയുന്ന സന്ദർഭങ്ങളിൽ പച്ചത്തേങ്ങ, നെല്ല് എന്നിവ സംഭരണ വില നിശ്ചയിച്ച് സംഭരിക്കുന്നതിലൂടെ നാളികേര കർഷകർക്കും നെല്ല് കർഷകർക്കും ന്യായവില ലഭ്യമാക്കുന്നതിന് സഹായിക്കുന്നു. കാർഷിക ഉൽപ്പന്നങ്ങളിൽ നിന്നും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിനായി മൂല്യ വർദ്ധിത കാർഷിക മിഷൻ രൂപീകരിച്ചുണ്ട്. |

സെക്ഷൻ ഓഫീസർ